**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **10-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിനും തീരദേശങ്ങൾ പരിപാലിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ശക്തമായ തീരശോഷണം നേരിടുന്ന കേരളതീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് (കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ) പ്രത്യേകമായും കേരളതീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടു നിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവെക്കുകയും അതനുസരിച്ച് കേരളത്തിലെ എല്ലാ കടൽത്തീരങ്ങളെയും ഉൾപ്പെടുത്തി National Centre for Coastal Research (NCCR) Shoreline Management Plan ന്റെ കരട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ Stake Holders ന്റെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി Shoreline Management Plan പുതുക്കി അംഗീകരിച്ച ശേഷം തീരദേശ സംരക്ഷണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | തീരദേശ സംരക്ഷണത്തിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ജലസേചന വകുപ്പ് കണ്ടെത്തിയ പത്ത് ഹോട്ട്സ്പോട്ടുകൾ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന എറണാകുളം ജില്ലയിലെ ചെല്ലാനം, ആലപ്പുഴ ജില്ലയിലെ ഒറ്റമശ്ശേരി, കൊല്ലം ജില്ലയിലെ ആലപ്പാട്, തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്നീ പദ്ധതികൾക്ക് തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും, പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിൽ സംയോജിത തീരദേശ പരിപാലനം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാലയെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ സംയോജിത തീരദേശ പരിപാലനം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാലയെ തുടർന്ന് പ്രസ്തുത ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിനും തീരദേശങ്ങൾ പരിപാലിക്കുന്നതിനുമായി Project Monitoring Unit (PMU) Mission Directorate രൂപീകരിച്ചു. കൂടാതെ കേരളത്തിലെ തീരദേശ സംരക്ഷണ പ്രവൃത്തികൾക്കായി Shoreline Management Plan തയ്യാറാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് സെന്ററിനെ ഏൽപ്പിക്കുകയും ചെയ്തു. NCCR Shoreline Management Plan-ന്റെ draft Report തയ്യാറാക്കി Remarks/ Comments–നായി സമർപ്പിച്ചിട്ടുണ്ട്. Shoreline Management Plan –ന്റെ Report finalise ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**1. കിഫ്ബി – എറണാകുളം ജില്ലയിലെ ചെല്ലാനത്ത് സി.പി. 976 നും സി.പി. 1052 നും ഇടയിൽ 10 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണം – ഒന്നാം ഘട്ടം – സി.പി. 986 നും സി.പി. 1026 നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം**

ചെല്ലാനം പ്രദേശത്തെ രൂക്ഷമായ കടലാക്രമണം നേരിടുന്ന 7.3 കിലോമീറ്റർ ദൂരം വരുന്ന തീരപ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ടെട്രാപോഡ്, കരിങ്കല്ല് എന്നിവ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ രൂപകൽപ്പന ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയാണ് ഒന്നാം ഘട്ടം നടപ്പിലാക്കിയത്.

| | |
|---|---|
| **ഭരണാനുമതി / സാമ്പത്തിക അനുമതി തുക** | ₹ 3,62,64,63,312.00 |
| **അടങ്കൽ തുക** | ₹ 3,07,32,73,993.00 (ജി.എസ്.ടി. ഒഴികെ) |
| **ഘടകങ്ങൾ** | കടൽഭിത്തി (6.64 കിലോമീറ്റർ നീളം)<br>ബസാർ പുലിമുട്ടുകൾ (6 എണ്ണം) (660 മീറ്റർ)<br>നടപ്പാത (6.64 കിലോമീറ്റർ നീളം) |
| **ഭൗതിക പുരോഗതി** | 100% (പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്) |

**2. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ 3.60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 30 പുലിമുട്ടുകളുടെയും 30 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 69,19,80,121.00 |
| നിയോജകമണ്ഡലം | അമ്പലപ്പുഴ |

**നിലവിലെ സ്ഥിതി:**

| സ്ഥലം | നീളം (കി.മി) | പുലിമുട്ടുകളു ടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| അമ്പലപ്പുഴ | 3.60 | 30 | 27 | 3 | 96% |

**3. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 42,75,52,031.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| സ്ഥലം | നീളം (കി.മി) | പുലിമുട്ടുകളു ടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| ആറാട്ടുപുഴ | 1.20 | 21 | 20 | 1 | 98% |

**4. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 16 പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 43,05,22,756.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| സ്ഥലം | നീളം (കി.മി) | പുലിമുട്ടുകളു ടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| വട്ടച്ചാൽ | 1.80 | 16 | 16 | – | 100% |

5. **ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 13 പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 30,35,37,349.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| **സ്ഥലം** | **നീളം (കി.മി)** | **പുലിമുട്ടുകളുടെ എണ്ണം** | **പൂർണ്ണമായും പൂർത്തീകരിച്ചവ** | **പുരോഗമിച്ചു വരുന്നവ** | **പുരോഗതി** |
|---|---|---|---|---|---|
| പതിയാങ്കര | 1.50 | 13 | 13 | - | 100% |

6. **ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി.**

ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 34 പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 72,64,37,834.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| **സ്ഥലം** | **നീളം (കി.മി)** | **പുലിമുട്ടുകളുടെ എണ്ണം** | **പൂർണ്ണമായും പൂർത്തീകരിച്ചവ** | **പുരോഗമിച്ചു വരുന്നവ** | **പുരോഗതി** |
|---|---|---|---|---|---|
| കാട്ടൂർ | 3.16 | 34 | 33 | 1 | 99% |

**7. ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ ഉടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി**

കിഫ്ബിയിൽ നിന്ന് ₹78.34 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച ഈ പദ്ധതിയിൽ ടെട്രാപോഡുകൾ ഉപയോഗിച്ച് നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 3 പുലിമുട്ടുകൾ, കാക്കാഴം ഭാഗത്ത് 1800 മീറ്റർ നീളത്തിൽ 8 പുലിമുട്ടുകൾ, കാട്ടൂർ – പൊള്ളത്തായ് ഭാഗത്ത് 1180 മീറ്റർ നീളത്തിൽ 9 പുലിമുട്ടുകൾ, ഒറ്റമശ്ശേരി ഭാഗത്ത് 960 മീറ്റർ നീളത്തിൽ 7 പുലിമുട്ടുകൾ എന്നിവ ഉൾപ്പെടുന്നു. ഐ.ഐ.ടി.യെ കൊണ്ടു പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ച് ടി പ്രവൃത്തി ടെൻഡർ ചെയ്യുകയും, കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി നടത്തിയ ബാത്തിമെട്രി പരിശോധനയിൽ ആഴത്തിൽ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദ്ദേശാനുസാരണം വീണ്ടും ഐ.ഐ.ടി.യെ കൊണ്ടു പഠനം നടത്തുകയും, പുതിയ ഡിസൈൻ ആവശ്യപ്പെടുകയുമുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ച് നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ, കാക്കാഴം ഭാഗത്ത് 19 ചെറിയ പുലിമുട്ടുകൾ, കാട്ടൂർ – പൊള്ളത്തായ് ഭാഗത്ത് 9 പുലിമുട്ടുകൾ, ഒറ്റമശ്ശേരി ഭാഗത്ത് 9 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 911/2024/ജവിവ തീയതി 02.12.2024 പ്രകാരം ₹107.75 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**